# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 453 05.06.2018-ലെ മറുപടിക്ക്**

## പങ്കാളിത്ത പെൻഷൻ പദ്ധതി

**ചോദ്യം** **ഉത്തരം**

**ശ്രീ. കെ.വി.വിജയദാസ്**

**ഡോ. തോമസ് ഐസക്**
**ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി**

| | | |
|---|---|---|
| (എ) | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ 2018 മാർച്ച് 31-ലെ കണക്കുപ്രകാരം ജീവനക്കാരിൽ നിന്നും എത്ര തുക ശേഖരിച്ചിട്ടുണ്ട്; സർക്കാർ എത്ര രൂപ മാച്ചിങ്ങ് ഗ്രാന്റ് ആയി അടച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം 2018 മാർച്ച് 31 വരെ 432.48 കോടി രൂപ ജീവനക്കാരുടെ വിഹിതമായി ശേഖരിച്ചിട്ടുണ്ട്. മാച്ചിങ്ങ് ഗ്രാന്റ് ആയി സർക്കാർ 432.48 കോടി രൂപ അടച്ചിട്ടുണ്ട്. |
| (ബി) | ഏതു ബാങ്കിലാണ് തുക ഒടുക്കുന്നതെന്ന് അറിയിക്കുമോ; | PFRDA നിയോഗിച്ചിട്ടുള്ള ട്രസ്റ്റീ ബാങ്ക് ആയ ആക്സിസ് ബാങ്ക് മുഖേനയാണ് പെൻഷൻ തുക അടവാക്കുന്നത്. |
| (സി) | എത്ര ജീവനക്കാർ നിലവിൽ എൻ.പി.എസ് അംഗങ്ങളായിട്ടുണ്ടെന്നും ഇതിൽ സർക്കാർ ജീവനക്കാർ എത്രയെന്നും വ്യക്തമാക്കുമോ; | ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം 2018 മാർച്ച് 31 വരെ ആകെ 89,764 ജീവനക്കാർ എൻ.പി.എസിൽ അംഗങ്ങളായിട്ടുണ്ട്. ഇതിൽ 70,257 പേർ സർക്കാർ ജീവനക്കാരാണ്. |

സെക്ഷൻ ഓഫീസർ .